# ഡിജിറ്റൽ മാഗസിൻ

## 2019-20



# ചങ്ങാതി

## ഗവ ടെക്നിക്കൽ ഹൈസ്കൂൾ, മാനന്തവാടി

### ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്



ഇന്ത്യയെ എല്ലാ അടിമത്തത്തിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും വിമുക്തമാക്കുന്നതിനും ഇനി വേണ്ടി വന്നാൽ പാപം ചെയ്യാൻ പോലുമുള്ള അവകാശം നഷ്ടപ്പെടുത്തുന്നതുമായ ഒരു ഭരണഘടനക്ക് വേണ്ടിയാണ് ഞാൻ ശ്രമിക്കുക.

ദരിദ്രരിൽ ദരിദ്രരായവർ പോലും ഇതു തങ്ങളുടെ സ്വന്തം രാജ്യമാണെന്നും,അതിന്റെ ഭാഗധേയത്തിൽ തങ്ങൾക്ക് കാര്യമായ പങ്കുണ്ടെന്നും കരുതുവാൻ കഴിയുന്ന ഒരു ഇന്ത്യയ്ക്ക് വേണ്ടി,

ജനങ്ങൾക്കിടയിൽ ഉയർന്ന തരക്കാരനെന്നോ, താഴ്ന്നതരക്കാരനെന്നോ
വ്യത്യാസമില്ലാത്ത ഒരിന്ത്യക്ക് വേണ്ടി,

എല്ലാ സമുധായക്കാരും പരിപൂർണ്ണ
സൗഹാർദത്തോടെ ഇണങ്ങിക്കഴിയുന്ന ഒരു
ഇന്ത്യക്കുവേണ്ടിയായിരിക്കും
ഞാൻ യത്നിക്കുക.
അങ്ങനെയുള്ള ഒരു ഇന്ത്യയിൽ അയിത്തം,
ലഹരിപാനീയങ്ങൾ മറ്റുലഹരി വസ്തുക്കൾ എന്നീ ശാപങ്ങൾക്ക് യാതൊരു സ്ഥാനവും ഉണ്ടായിരിക്കുകയില്ല.
പുരുഷൻമാർക്കൊപ്പം സ്ത്രീകളും തുല്യാവകാശങ്ങൾ അനുഭവിക്കും.

സ്വപ്ന ഇന്ത്യ-

ഗാന്ധിജി



**DILEEP M**
**OUR SUPERINTENDENT**



**Subhramanian**
**Engineering instructor**



**Shereef**
**Foreman**



**Manoj**
**P T A Vice president**



**SHIJIL KUMAR**
**SITC**



**RIJESH V R**
**STAFF SECRETARY**

# EDITORIAL BOARD

**<u>Members</u>**

***Adithya jyothi,***
***Adhithyan U,***

***Amrithesh,***
***Messi Tom Benoy,***

***Sandra Maria Jyothi,***
***Amalima jose***

**<u>Advisory committee</u>**

***Dileep M (superintendent)***
***Subrahmanian C (Engg. Instructor)***

***Sathyendran K (Little Kites Master)***
***Shibi Mathew (Little Kites Mistress)***

***Shijil Kumar P (SITC)***
***Rijesh V R(cover page design)***

# SCHOOL LITTLE KITES CLUB



SATHYENDRAN MASTER

SHIBI MATHEW MISTRESS



ADITHYA JYOTHI

UNIT LEADER I




AMILIMA JOSE

UNIT LEADER II



ABISHEK KRISHNA



ADITHYAN U



SANDRA MARIYA



AMRITHESH A



AMITH ANIL



ADORN T M



ABHINAV A S



ALBIN T D



MESSY TOM BINOY



NIRANJANA R S




FISA MASNA



AMIRSHAN




DHEEKSHITH V R




AKSHAY V. S



SAI KRISHNA C



KARTHIK T K



AJITH ANIL



ABDUL FAHID


"വിദ്യാഭ്യാസം എന്നതുകൊണ്ട് ഞാൻ അർ
ത്ഥമാക്കുന്നത് ഒരു ശിശുവിന്റെയും മുതിർന്ന
മനുഷ്യന്റെയും ശാരീരികവും
മാനസികവുമായ സദ്ഭാവങ്ങളുടെ
സമഗ്രമായ ആവിഷ്ക്കാരമെന്നാണ് "
-ഗാന്ധിജി

# ഓർമ്മയിലെ കണ്ണുനീർ മുത്ത്



**Muhammed Shamil A K**

# LITTLE KITES CLUB








# Little Kites activities





# SCIENCE FAIR



സംസ്ഥാന തല ടെക്നിക് സ്കൂൾ കലാമേള,കായിക മേള,ശാസ്ത്രമേള എന്നിവയിൽ മികവ് കാട്ടിയ പ്രതിഭകൾ



സ്കൂൾ പച്ചക്കറി കൃഷി






**KALAMELA**



# THSSLC A+



MUHAMMED SHAMIL



ATHUL KRISHNA



ALENSO T F




SANJO SHAJU


# ഡിജിറ്റൽ പൂക്കളം














മനോഹരിയായ പ്രകൃതിയുടെ അനുഗ്രഹം

കനിഞ്ഞു കിട്ടിയ വയനാട്....

അറിവിന്റെ ലോകത്തേക്ക്, നന്മയുടെ

വെളിച്ചത്തിലേക്ക് ............

പ്രതീക്ഷയുടെ തിരിനാളം തെളിച്ചുകൊണ്ട്

മുന്നേറുന്ന ദ്വാരകയിലെ സാങ്കേതിക

വിദ്യാലയം......

അവിടുത്തെ കുഞ്ഞുമനസ്സുകളിലെ

ഭാവനകൾ..

കവിതകൾ, ചിത്രങ്ങൾ ആയി മാറുമ്പോൾ

സ്കൂൾതല ലിറ്റിൽ കൈറ്റ്സ് ക്ലബ് ഒരുക്കിയ

ഡിജിറ്റൽ മാഗസിൻ 'ചങ്ങാതി'.......

നിങ്ങളുടെ ചങ്ങാതിയായി മാറട്ടെ...



*Sathyendran K*
**Little Kite Master**

## താളുകളിലൂടെ.....

ലിറ്റിൽ കൈറ്റ്സ് ക്ലബ്...2
ചങ്ങാതി...3
ആലപ്പുഴ -കാവാലത്ത് എന്റെ ഒരു ഞായറാഴ്ച...4
പ്രകൃതി...9
ആസ്വാദനകുറിപ്പ് -രണ്ട് നഗരങ്ങളുടെ കഥ...10
ഗ്രാമഭംഗി...12
നദിതൻമാധുര്യം...13
അപ്പുവിന്റെ കൂടെ...14
നിനക്കായ് ഞാൻ കാത്തിരിപ്പൂ...16
മഹത് വചനങ്ങൾ...17
വനഭംഗി...18
കുയിലിനോട്...19
നിറക്കൂട്ട്...20
ഒരു ആന്ഡമാൻ യാത്ര...21
നുറുങ്ങു കവിതകൾ-കുഞ്ഞുണ്ണി മാഷ്...27
മിസൈൽമാൻ -ഇന്ത്യയുടെ അഭിമാനം...29
വിദ്യാലയത്തിന്റെ ഓർമ്മ...30
തിരിഞ്ഞുനോക്കുമ്പോൾ...31
ചുരമിറങ്ങാത്ത ഓർമ്മകൾ...35
ഗ്രീൻ ഹൗസ് ടെക്കനോളജി...38
A SHORT STORY...40
CHARLIE CHAPLIN...41
WILLIAM BLAKE...41
IN THE WONDER LAND …...42
Journey...43
LIFE…...44
True love between a dog and his master...45
വർണ്ണവിസ്മയം-...46
Systemic Approach to technical education...47
The Amazon Rain Forest...49
നന്ദി...50

## ലിറ്റിൽ കൈറ്റ്സ് ക്ലബ്

കുട്ടികൾക്ക് സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് നമ്മുടെ സ്കൂളിലും ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മ ആരംഭിച്ചിട്ടുള്ളത്. പ്രത്യേക പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഒൻപതാംക്ലാസ്സിലെ 20 മിടുക്കൻമാർക്കാണ് ഈ വർഷം കൈറ്റിന്റെ കീഴിൽ വൈവിധ്യമാർന്ന വിദഗ്ധ പരിശീലനം നൽകുന്നത്.ഗ്രാഫിക്സ്,അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്,പൈത്തൺ പ്രോഗ്രാമിംഗ്,മൊബൈൽ ആപ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ,മലയാളം കമ്പ്യൂട്ടിംഗ്,ഡെസ്ക്ടോപ്പ് പബ്ലിഷിംഗ്,ഇന്റർനെറ്റ് തുടങ്ങിയ മേഖലകളിലാണ് സ്കൂൾ യൂണിറ്റ് തല പരിശീലനപരിപാടിയിലുള്ളത്.വിദഗ്ധരുടെ ക്ലാസ്സുകൾ, ഐടി അധിഷ്ഠിതമായ ഫീൽഡ് ട്രിപ്പ്, വിവിധ തലത്തിലുള്ള ക്യാമ്പുകൾ തുടങ്ങിയവ പരിശീലനത്തിന്റെ ഭാഗമായുണ്ട്. വിവര സാങ്കേതിക വിദ്യയുടെ വിവിധ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിവും താല്പര്യവുമുള്ള ഒരു തലമുറയെ പ്രാപ്തമാക്കിയെടുക്കുകയാണ് ഈ പരിശീലനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കൈറ്റ് മാസ്റ്ററായ ശ്രീ.സത്യേന്ദ്രൻ, കൈറ്റ് മിസ്ട്രസായ ശ്രീമതി.ഷിബി മാത്യു എന്നിവരാണ് ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ചുമതല വഹിക്കുന്നത്.യൂണിറ്റ് തല ലീഡർമാരുടെ ചുമതല ആദിത്യ ജ്യോതി,അമലിമ ജോസ് എന്നിവർക്കാണ്.



# ചങ്ങാതി

സാന്ദ്ര മരിയ ജ്യോതി

ഓരോ  കാഴ്ച്ചയും
ഓരോ  ഓർമ്മയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിനാരങ്ങളുടെ
തണലിൽ വച്ച്
കൊഴിഞ്ഞു  വീണ
കൊന്ന  പൂക്കളിൽ
എനിക്കെന്റെ ചങ്ങാതിയെകിട്ടുന്നു
ഞാനാരെന്നോ.........
നീയാരെന്നോ..........
ചോദിക്കാതെ
സൗഹൃദത്താൽ
കുരൾ നിറഞ്ഞ്.....
വീണ്ടും കാണുമെന്ന്
സുനിശ്ചിതത്വത്തിൽ
പുൽതകിടി വിട്ടിറങ്ങുന്നിതാ ..............

********

## ആലപ്പുഴ -കാവാലത്ത് എന്റെ ഒരു ഞായറാഴ്ച



സുബ്രഹ്മണ്യൻ. സി
(എഞ്ചിനയർ ഇൻസ്ട്രക്ടർ)

ചങ്ങനാശ്ശേരിയിൽ നിന്നും ആലപ്പുഴ വരെ പോകുന്ന സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ യാത്ര ബോട്ടിലുള്ള ഒന്നരമണിക്കൂർ യാത്ര ആയിരുന്നു ഇന്നത്തെ ആദ്യ സമയം ചെലവിടൽ തീരുമാനിച്ചിരുന്നത്. അതുപ്രകാരം കാവാലം ലിസിയോയിൽ നിന്നും കൃത്യം 10. 45 ന് ബോട്ടിൽ കയറി. തുറന്നിട്ട ജാലകത്തിനടുത്ത് തന്നെ ഇരിപ്പിടം ഉറപ്പിച്ചു. നല്ല തണുത്ത മന്ദമാരുതൻ തഴുകികൊണ്ടേയിരുന്നു. പിന്നീട് കണ്ണുകൾക്ക് കുളിർമേയുകുന്ന കാഴ്ചകൾ മാത്രം. നീണ്ടു പരന്ന് കിടക്കുന്ന കായൽ. വീതി കുറവായ സ്ഥലങ്ങളിൽ ഇരുവശവും ബണ്ടുകളും പുറത്ത് പച്ചയണിഞ്ഞ അനന്തമായ പാടശേഖരങ്ങൾ. ബണ്ടുകളിൽ അങ്ങിങ്ങായി കൊച്ചു കൊച്ചു വീടുകൾ. ബോട്ട് ഓരോ ജെട്ടിയിലും നിർത്തി ആളുകളെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിലെ ബസ് സ്റ്റോപ്പിന് പകരം ഇവിടെ ജെട്ടികളാണ്. ബസിൽ ബെല്ലടിക്കുന്നതിന് നേരെ വിപരീതങ്ങളാണ് ബോട്ടിലെ ബെല്ലടി. നിർത്താൻ ഡബിൾ, യാത്ര തുടരാൻ സിംഗിൽ. ആറ് ജീവനക്കാർ ആണ് ഒരു യാത്രാബോട്ടിൽ. ഒരു ബോട്ട് മാസ്റ്റർ –കണ്ടക്ടർ, ഒരാൾ സ്രാങ്ക് – സ്റ്റിയറിംഗ് പിടിക്കുന്നു. ഒരാൾ ഡ്രൈവർ–

നിയന്ത്രണവും മണിയടിയും, രണ്ടു പേർ ലാസ്കർമാർ – ജെട്ടിയിൽ ബോട്ടിനെ അടുപ്പിച്ച് പിടിക്കാൻ ഇത്രയുമാണ് ജീവനക്കാരുടെ പണികൾ.



ഞാൻ ആലപ്പുഴ ജെട്ടിയിലേക്ക് ടിക്കറ്റ് എടുത്തു. 12 രൂപ. അതിനു ഒന്നരമണിക്കൂർ ജലയാത്ര. അടുത്തിരുന്ന സഹയാത്രികനുമായി ചങ്ങാത്തം കൂടി. അയാൾ അവിടുത്തെ കൃഷിരീതികൾ വിവരിച്ചു. വർഷങ്ങൾക്ക് മുമ്പ് ഭക്ഷ്യ ക്ഷാമം നേരിട്ട കാലത്ത് കായലിൽ നിന്നും ചെളിവാരി ബണ്ട് കെട്ടി പാടത്തെ വെള്ളം കായലിലേക്ക് തേവി വറ്റിച്ചായിരുന്നു കൃഷി ആരംഭിച്ചത്. ഇന്ന് ആധുനിക പമ്പുകൾ ഉപയോഗിച്ചാണ് പാടശേഖരത്തിൽ നിന്നും വെള്ളം വറ്റിക്കുന്നത്. പാടശേഖരങ്ങൾ താഴ്ന്നും കായൽ ജലനിരപ്പ് ഉയർന്നും നിൽക്കുന്നതാണ് പ്രത്യേകത. കുട്ടനാട് ചരിത്രം അയാൾ ഒരുപാട് വിവരിച്ചു തന്നെങ്കിലും അയാൾ പറഞ്ഞപേരുകൾ എല്ലാം അവ്യക്തതയോടെ എന്റെ മനസ്സിൽ തെളിയുന്നത്. ലാഭ നഷ്ടം എന്നതിലുപരി ഒരു സംസ്കാരം തന്നെയാണത്. അങ്ങനെ ബോട്ട് പുന്നമടക്കായലിൽ കൂടി കടന്ന് പോകുന്നു. നെഹ്റു ട്രോഫി വള്ളം കളി നടക്കുന്ന പവലിയൻ, സ്റ്റാർട്ടിംഗ്, ഫിനിഷിംഗ് പോയിന്റുകൾ എല്ലാം നേരിൽ കണ്ട സന്തോഷം മനസ്സിൽ നിറഞ്ഞു.

അപ്പോഴേക്കും ഭക്ഷണ ശാലകളുടെ അടുത്തും, ആയുർവേദ സുഖചികിത്സ ശാലകളുടെ അടുത്തുമായി

നങ്കൂരമിട്ടതും പതുക്കെ പതുക്കെ നീങ്ങി പോകുന്നതുമായ ഹൗസ് ബോട്ടുകളുടെ തിരക്കായി. ടൂറിസ്റ്റുകളിൽ മലയാളികളേയും വിദേശികളേയും കാണാമായിരുന്നു.
നാല് പേർക്ക് ഉല്ലസിക്കാവുന്നത് തുടങ്ങി പത്തോളം ശീതീകരിച്ച ബെഡ് റൂമുകൾ ഉള്ളത് വരെയുണ്ട് അവയിൽ. വെള്ളത്തിൽ ഒഴുകി നടക്കുന്ന മണിമാളികകൾ. വളരെ വിസ്മയിപ്പിക്കുന്ന കാഴ്ചകൾ.
12. 50 ന് ആലപ്പുഴ ജെട്ടിയിൽ ബോട്ടിറങ്ങി.

അടുത്ത ലക്ഷ്യം കരിമീൻ പൊള്ളിച്ചതും കൂട്ടി ഒരുച്ചയൂണ് ആയിരുന്നു. പഴവങ്ങാടി റോഡിലൂടെ നടന്നു കായൽ തീരത്ത് ഒരു ഹോട്ടൽ കണ്ടെത്തി ഊണും കഴിഞ്ഞു അവിടെ നിന്നും ഇറങ്ങി. ഉച്ചവെയിൽ ചൂടിൽ മുഖം ഒന്നു കൂടി കറുത്തു പോകാതിരിക്കാനായി കടകളുടെ തണൽ ചേർന്ന് നടന്നു. ചെറുപ്പത്തിൽ തന്നെ റേഡിയോവിലൂടെ ഒരുപാട് കേട്ടതാണ് സെന്റ് ജോർജ്ജ് കുടയുടെ പരസ്യം. അത് രണ്ടായി മാറിയെങ്കിലും ആ പേരിൽ കട ഇപ്പോഴും നിലനിൽക്കുന്നു. തൊട്ടടുത്ത് പോപ്പി അമ്പ്രല്ലായും ഉണ്ട്. സെന്റ് ജോർജ്ജ് അമ്പ്രല്ലാ മാർട്ടിനു സമീപത്തെ പെട്ടികടയിൽ നിന്നും ഉപ്പ് രുചിയുള്ള ഒരു മിഠായി വാങ്ങി നുണഞ്ഞങ്ങനെ നടക്കുമ്പോൾ സർക്കാരിന്റെ കൈരളി തിയേറ്റർ കണ്ടു. അവിടെ കളിക്കുന്ന ഞാൻ പ്രകാശൻ ഞാൻ നേരത്തെ കണ്ടതുകൊണ്ടും ആലപ്പുഴയിൽ ഉള്ള മൂന്ന് മണിക്കൂർ സിനിമാതിയേറ്ററിൽ കളയാൻ താല്പര്യമില്ലാത്തതിനാലും എന്റെ നടത്തം തുടർന്നു. സീമാട്ടിയുടെ മുന്നിലെത്തിയപ്പോൾ കായലിന് കുറുകെ കണ്ട ഇരുമ്പ് പാലം കടന്ന് അക്കരെ എത്തി. അടുത്ത ലക്ഷ്യം ബീച്ച് ആയിരുന്നത് കൊണ്ടും പാലം കടന്ന് എത്തിയത് ഇരുമ്പുപ്പാലം ബസ്സ് സ്റ്റോപ്പ് ആയതുകൊണ്ടും അവിടെ നിന്നും ബീച്ചിലേക്ക് ബസ് കയറി.

റെയിൽവേ സ്റ്റേഷനു തൊട്ടടുത്തു തന്നെയായിരുന്നു ബീച്ച്. അവിടെ അടുത്ത് തന്നെയാണ് എന്റെ സുഹൃത്ത് പോൾ സാറിന്റെ വീടും. പോൾസാറിനെ ഞാൻ വിളിച്ചു നോക്കി, നിങ്ങൾ വിളിക്കുന്ന സബ്സ്ക്രൈബർ ഇപ്പോൾ സ്വിച്ചോഫ് ചെയ്തിരിക്കുന്നു എന്ന മറുപടിയാണ് ലഭിച്ചത്. ബസിറങ്ങി ബീച്ചിലേക്ക് നടക്കുമ്പോൾ ആദ്യം കാണുന്നത് മാതൃശിശു ആശുപത്രി. അതിന്റെ ഭിത്തിയോട് ചേർന്ന് ഒരു അമ്മത്തൊട്ടിലും.

ബീച്ചിനു സമാന്തരമായി പോകുന്ന റോഡിന് മുകളിലൂടെ വലിയൊരു ഫ്ലൈഓവർ പണി പൂർത്തിയായി വരുന്നു. നല്ല വെയിൽ. കടൽകാറ്റുള്ളത് കൊണ്ട് ചൂട് അറിയുന്നില്ല.



ബീച്ചിൽ എത്തുന്നവർക്കായി എം പി ഫണ്ടിൽ നിന്നും 30.28 ലക്ഷം ചെലവിൽ നിർമിച്ച ടോയലറ്റ് സമുച്ചയം. ചെറിയ പെട്ടി കടകളും ഐസ്ക്രീം വണ്ടികളും. വെയിൽ മറയ്ക്കാനായി നിറയെ കാറ്റാടി മരങ്ങൾ ഉള്ളത് കൊണ്ട് ഒരുപാട് പേർ നേരത്തെ തന്നെ ഇവിടം സ്ഥലം പിടിച്ചിരുന്നു. മൃഗസ്നേഹികളുടെ പട്ടി സ്നേഹം കാരണം പട്ടികളുടെ ആധിക്യം മൂലം മണലിൽ ഇരിക്കാനുള്ള താല്പര്യം ഉപേക്ഷിച്ചു. തണൽമരങ്ങൾക്കിടയിൽ ഓലമേഞ്ഞ, മരപ്പാളികൾ കൊണ്ട് ഭിത്തികെട്ടിയ നാല് കെട്ട്. ബോർഡ് വായിച്ചപ്പോൾ കള്ള് ഷാപ്പ്. മനസ് ഒന്നു കൂടി തണുത്തു. ഒരു കുപ്പി വാങ്ങി മോന്തിയിട്ട് ആടിപാടി നടക്കാമെന്ന് കരുതി അങ്ങോട്ട് അടുത്തു. മുന്നിൽ

എത്തിയപ്പോൾ പുറത്തും അകത്തു മായി മരകമ്പുകൾ കൊണ്ട് നിർമിച്ച സ്റ്റൂളുകൾ, സ്റ്റേറ്റാം, കിംഗ് ഫിഷർ, സോഡാ ബോട്ടിലുകൾ.

അവിടെ കണ്ട ഒരു സ്റ്റൂളിൽ ഞാനുമിരുന്നു. അതിൽ കച്ചവടക്കാരനോ, കുടിക്കുന്നവരോ ഇല്ലായിരുന്നു. തൊട്ടടുത്തിരുന്ന ഒരാൾ പറഞ്ഞറിഞ്ഞു ഷൂട്ടിംഗിനിട്ട സെറ്റായിരുന്നു, അവർ പൊളിക്കാതെ പോയതാണ്. ഇണകുരുവികളും ഫാമിലിയും, സായിപ്പൻമാരും, മദാമ്മമാരും, പയ്യൻസെല്ലാമായി മൂന്ന് മണിക്കും നല്ല തിരക്കായിരുന്നു.

നാലരമണിക്ക് ബീച്ച് റോഡിൽ കടൽപാലം ആശാൻ തട്ടുകടയിൽ നിന്നും ഒരു വിത്തൗട്ട് ചായയും കോളിഫ്ലവർ ഫ്രൈയും കഴിച്ചു രാത്രി ഭക്ഷണം പൊതിഞ്ഞ് വാങ്ങി വീണ്ടും കാവാലത്തേക്ക് തിരിച്ചു.

********



സുവർണ്ണ ക്ഷേത്രം -റിജേഷ്


# പ്രകൃതി

- അമീർഷാൻ



## ആസ്വാദനകുറിപ്പ് -രണ്ട് നഗരങ്ങളുടെ കഥ




ചാൾസ് ഡിക്കൻസ് എഴുതിയ രണ്ട് നഗരങ്ങളുടെ കഥ എന്ന അതിമനോഹരമായ കഥയാണ് ഞാൻ ആസ്വാദനം ചെയ്യാൻ തെരഞ്ഞെടുത്തത്. ചാൾസ് ഡിക്കൻസ് 1812 ൽ ഹാംഷെയറിലെ ലാൻഡ് പോർട്ടിൽ എന്ന സ്ഥലത്താണ് ജനിച്ചത് . അദ്ദേഹം വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇംഗ്ളീഷ് നോവലിസ്റ്റും സാമൂഹിക പ്രവർത്തകനും ആയിരുന്നു .അദ്ദേഹത്തിൻറെ പ്രധാന കൃതികൾ പിക്വിക് പേപ്പേർസ്, ഒലിവർ ട്വിസ്റ്റ്, ക്രിസ്മസ് കരോൾ,ഡേവിഡ് കോപ്പർ ഫീൽഡ്,ഹാർഡ് ടൈംസ്,എടെയിൽ ഓഫ് ടു സിറ്റീസ്, ഗ്രേറ്റ് എക്സ്പെറ്റേഷൻസ് എന്നിവയാണ്. അദ്ദേഹം 1870 ജൂൺ 9 ന് അന്തരിച്ചു.

രണ്ട് നഗരങ്ങളുടെ കഥ എന്ന അതിമനോഹരമായ കഥ സൂചിപ്പിക്കുന്നത് 1757 മുതൽ 1794 വരെ ലണ്ടനിലും പാരീസിലും സംഭവിച്ച കഥകളെക്കുറിച്ചാണ് .ഇതിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങൾ ജാർവിസ്ലോറി, ജര്മിയക്രഞ്ചര്ലൂസിമാനെ, ഡോ.അലക്സാണ്ടർ, മാനോമിസ്പ്രോസ്, ഏണസ്റ്റ് ദെഫൻസ്,മദാം തെരേസ, ചാൾസ് ഡാർണെ, സിഡ്നി കർട്ടൻ, ഗില്ലറ്റിൻ എന്നിവരാണ്. അലക്സാണ്ടർ മനയുടെ മകൾ ലൂസിമാനെയെ പ്രണയിച്ച് വിവാഹം കഴിക്കുകയാണ് ചാൾസ് ഡാർവിൻ എന്ന കഥാപാത്രം.ലൂസിമാനെയെ സ്നേഹിച്ച മറ്റൊരു വ്യക്തിയാണ് കർട്ടൻ. ഡാർനയെ കുടിയേറ്റക്കാരൻ എന്ന

കുറ്റത്തിൽ ഫ്രാൻസിലെ തടവറയിൽ കഴിയേണ്ടി വരുന്നു .അദ്ദേഹത്തിന്റെ ഭാര്യ ലൂസിമാനെ സ്നേഹിച്ച കർട്ടൻ അവർക്ക് വേണ്ടി ഡാർനയെ രക്ഷിക്കാൻ ശ്രമിക്കുന്നു. അദ്ദേഹം തടവറയിലെ കാവൽക്കാരന്റെ വേഷം ധരിച്ച് ഡാർനയെ രക്ഷപ്പെടുത്തുന്നു.ഡാർനക്ക് പകരം കർട്ടൻ അവിടെ തങ്ങി പിറ്റേന്ന് കുറ്റത്തിന്റെ പേരിൽ ഗില്ലറ്റിൻ എന്ന വധയന്ത്രത്തിന്റെ പിടിയിൽ അദ്ദേഹം കൊല്ലപ്പെടുന്നു.

ഈകഥയിൽ സ്നേഹത്തിന്റെ ആത്മാർത്ഥത കാണിച്ച കർട്ടൻ എന്ന കഥാപാത്രത്തെ എത്ര വലുതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. എനിക്ക് ഏറെ ഇഷ്ടപ്പെട്ടത് ഈ കഥാപാത്രത്തെ തന്നെ .ഈ കഥ നമുക്ക് ഉന്മേഷം തരുന്നു .അതിലുപരി ഇതിലെ സംഭവങ്ങളും .ഈ കഥയിലെ സംഭവങ്ങളിൽ എന്നെ ഏറെ സ്വാധീനിച്ചത് കർട്ടൻ എന്ന കൂട്ടുകാരന്റെ കഥയാണ് .അദ്ദേഹം ലൂസിമാനെയ്ക്ക് വേണ്ടി അവളുടെ ജീവിത ഭാവിയ്ക്കു വേണ്ടി മരണപ്പെടുകയുണ്ടായി.നമുക്ക് വേണ്ടി ഇത്തരം കൃതികൾ സംഭാവന ചെയ്യുവരെ നമുക്ക് സ്മരിക്കാം .അവരുടെ ഓർമയ്ക്ക് മുന്നിൽ പ്രണാമം.

********



# ഗ്രാമഭംഗി

- അമീർഷാൻ



## നദിതൻമാധുര്യം

ആൽബിൻ ടി ഡി ക്ലാസ്സ് 9

നദികൾതൻ മാധുര്യം
അണയവേ നാമിതാ
മലിനമാക്കിടുന്നു സ്വയമേ തൻ മാധുര്യം
മലിനമായൊരു നദിതൻ
മാധുര്യം അണയവേ
നാമറിയുന്നു
നദിതൻ സങ്കടമേറുന്ന മാധുര്യം
******

## നിളയെന്ന വിസ്മയം–*Photo credits: sathyen*



# അപ്പുവിന്റെ കൂടെ

അരുൺകുമാർ ഒ
(ട്രേഡ്സ് മാൻ ഫിറ്റിംഗ്)

അപ്പൂ മോനേ അപ്പൂ.. തത്തയുടെ ശബ്ദം കേട്ട് അപ്പു പായയിൽ നിന്നും എഴുന്നേറ്റു.അന്നൊരു ഞായറാഴ്ചയായിരുന്നു.അപ്പുവിന്റെ ചെറിയമ്മയുടെ മകളായിരുന്ന തത്ത. തത്ത വിളിച്ചാൽ അപ്പുവിന് എഴുന്നേല്ക്കാതിരിക്കാനാവില്ല.,കാരണം അപ്പുവിന് ഏറ്റവും ഇഷ്ടം എന്നെയു തത്തയെയും ആണ്.മാത്രമല്ല എഴുന്നേറ്റില്ലെങ്കിൽ കലപിലാ പറഞ്ഞുകൊണ്ടേയിരിക്കും.

തത്ത ഇപ്പോൾ മൂന്നാം ക്ലാസ്സിലും അപ്പുക്കുട്ടൻ ഏഴാം ക്ലാസ്സിലും ഞാൻ അംഗനവാടിയിലുമാണ് പഠിക്കുന്നത്.തത്ത അപ്പു ഏട്ടനെയും എന്നെയും കൂട്ടി പല്ല് തേച്ചു.പിന്നെ ഞങ്ങൾ മൂന്നു പേരും അമ്മയെയും അച്ചനെയും കൂട്ടി പാടത്തേക്ക് നടന്നു.മഴക്കാലമായതിനാൽ അവിടെ ആവശ്യത്തിന് വെള്ളമുണ്ട്.

അമ്മ എന്നെ മടിയിലിരുത്തി പാടത്തിനരികിലുള്ള തോടിന്റെ പടിയിലിരുന്നു.അപ്പോൾ കുറച്ച് ചേട്ടൻമാർ തോട്ടിൽ നീന്തുന്നുണ്ടായിരുന്നു.

അച്ചൻ തത്തയേയും അപ്പു ഏട്ടനെയും ഒരു മണിക്കൂർ നേരം പാടത്തെ വെള്ളത്തിൽ നീന്തിച്ചു.അപ്പു ഏട്ടൻ നീന്തുമ്പോൾ അച്ചൻ തത്തയെ നീന്താൻ പഠിപ്പിച്ചു.അപ്പോൾ അവരുടെ വികൃതികൾ കണ്ട് ഞാനും അമ്മയും പൊട്ടിച്ചിരിക്കും.തോട്ടിൽ വെള്ളം കൂടുതൽ ഉള്ളതിനാൽ പാടത്തെ വെള്ളത്തിലാണ് ഏട്ടനും ചേച്ചിയും നീന്താറുള്ളത്.

കുളി കഴിഞ്ഞപ്പോൾ അമ്മദോശയുമായി മേശയിലെത്തി. എല്ലാവരും ഭക്ഷണം കഴിച്ചു.തത്ത സ്ക്കൂളിൽ നിന്നും പഠിക്കുന്ന കാര്യങ്ങൾ വീട്ടിലെ എല്ലാവരും ചെയ്യണം.ഇല്ലെങ്കിൽ ഒരു മുത്തശിയെപ്പോലെ പറഞ്ഞു കൊണ്ടേയിരിക്കും.അതിനാൽ രാവിലെ ആറുമണിക്ക് തത്തയുടെ വിളിയും കാത്ത് ഞാനും ചേട്ടനും കിടന്നു.അമ്മയും ചെറിയമ്മയും മുത്തച്ചനും മുത്തശിയും രാവിലലെ നാലരക്ക് അമ്പലത്തിലെ പാട്ട് കേൾക്കുമ്പോൾ എഴുന്നേൽക്കണം.

ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ അച്ചന്റെ കൂടെ വീടിന്റെ മുന്നിലുള്ള ആൽത്തറയിലിരുന്ന് ഇലകൾ പെറുക്കിയും ചിത്രം വരച്ചും പലകളികളും കളിക്കും.

അതുകഴിഞ്ഞ് പത്ത് മണിയോടെ വീട്ടിൽ വരും.മഴയുണ്ടെങ്കിൽ വീട്ടിനകത്തിരുന്ന് കളിക്കും.ഉച്ച ഭക്ഷണത്തിനു ശേഷം വീട്ടിലെ എല്ലാവരും ഒരു മണിക്കൂർ കിടക്കും.അതുകഴിഞ്ഞ് മൊബൈൽ അല്ലെങ്കിൽ ടിവിയോ കമ്പ്യൂട്ടറോ കാണും.പിന്നീട് നാലുമണിമുതൽ ഞാനും അച്ചനും അമ്മയും ഏട്ടനും തത്തയും ഷട്ടിലോ ഫുട്ബോളോ കളിക്കും.ചിലപ്പോൾ ചില ക്രാഫ്റ്റ് വർക്കുകളും ചെയ്യും.ഇതിനിടയിൽ അമ്മ ചായയും പലഹാരങ്ങളും കൊണ്ടുവരും. വൈകുന്നേരം അമ്പലത്തിലെ പാട്ട് കേൾക്കുമ്പോൾ കളിക്കുന്നത് നിർത്തി, കുളിച്ച് പഠിക്കാനിരിക്കും. തത്ത പഠിക്കാനിരിക്കുമ്പോൾ അപ്പു ഏട്ടൻ കൂടെ വേണം.ഒരുപാട് സംശയങ്ങൾ ഉണ്ടാകും.അപ്പു ഏട്ടൻ പറയുന്നത് മാത്രമേ കേൾക്കു.എട്ട് മണിയാകുമ്പോൾ നാളെയ്ക്കുള്ള പുസ്തകങ്ങളും ഷൂവും ഡ്രസ്സും റെഡിയാക്കി വെയ്ക്കും.അതുകഴിഞ്ഞ് ഭക്ഷണം കഴിച്ച് ഉറങ്ങാൻ കിടക്കും.അപ്പു ഏട്ടൻ കഥപറഞ്ഞ് ഉറക്കും.



## നിനക്കായ് ഞാൻ കാത്തിരിപ്പൂ...



-അമിലിമ ജോസ്

കാത്തിരിപ്പൂ ഞാൻ സഖീ, നിൻ വരവിനായ്,
എന്നെത്തും നീ എന്നരികിലായ്,
നീ എത്തുന്നേരം എൻ മനസ്സിൽ,
ആനന്ദത്തിൻ ഒരു കുഞ്ഞുപൂവ് വിരിയുന്നു.

നിന്നെ കാണുവാനായ് ഞാൻ നിൻ,
കാൽപ്പാടുകൾ തേടി അലഞ്ഞു.
നിൻ സ്നേഹത്തിൻ ആഴം അറിയാൻ,
ഞാൻ എന്നും നിൻ അരികിൽ അണഞ്ഞു.

നിൻ വരവിനായ് ഞാൻ,
നാളുകൾ എണ്ണി കഴിഞ്ഞു.
എന്നു നീ വരുമെന്നറിയില്ല എങ്കിലും,
നിനക്കായ് ഞാൻ കാത്തിരിപ്പൂ,എൻ സഖീ...



## മഹത് വചനങ്ങൾ

"ഒരുവന്റെ ശൈലി നന്നാക്കുകയെന്നു പറഞ്ഞാൽ അയാളുടെ ചിന്ത നന്നാക്കുക എന്നാണർത്ഥം"

–നീത്ഷെ

"അറിയാത്ത കാര്യങ്ങൾ അറിയില്ല എന്നു പറയാൻ എന്തിനു നാണിക്കണം"

–സിസറോ

"ഇരുട്ടെന്ന ഒന്നില്ല അജ്ഞതയല്ലാതെ"

–ഷേക്സ്പിയർ

"ഏതൊരു മനുഷനും അവന്റെ തന്നെ ചിന്തകളുടെ സൃഷ്ടിയാണ് "

–ഗാന്ധിജി

"സ്നേഹത്തിനു വേണ്ടിയുള്ള വിശപ്പ് ശമിപ്പിക്കുന്നത് അപ്പത്തിനു വേണ്ടിയുള്ള വിശപ്പ് ദൂരികരിക്കുന്നതിലും വിഷമകരമായ ഒരു കാര്യമാണ്"

–മദർ തേരേസ

"ധീരതയെന്നത് ശാരീരികമായൊരു ഗുണമല്ല, അത് ആത്മാവിന്റെ ഗുണമാണ് "

–ഗാന്ധിജി

"നന്മ നിറഞ്ഞവനാകുന്നതോടെ ഒരാൾ ഏകാകിയാക്ക്ന്നു"

–മാർക്ക് ട്വിയൻ

"മുദ്രാവാക്യം മുഴക്കുന്നവരെയല്ല , അധ്വാനിക്കുന്നവരെയാണ് ഭാരതത്തിന് ആവശ്യം"

– ജവഹർലാൽ നെഹ്റു

"ക്ഷമിക്കുന്ന നല്ലതുതന്നെ പക്ഷേ മറക്കുന്നതാണ് അതിലും നല്ലത്"

–റോബർട്ട് ബ്രൗണിങ്

******

# വനഭംഗി

-മുഹമ്മദ് മുഹസിൻ



## കുയിലിനോട്

സാന്ദ്ര മരിയ

നീട്ടിയും മീട്ടിയും പാടി

കാട്ടിൽ കഴിയുന്ന കുയിലെ

എന്റെ വീട്ടിലേക്കൊന്നുവരുമോ?

നിന്റെ പാട്ട് മീട്ടീടുമോ എനിക്കായി

തൈമാവിൻ തളിരുകൾ നുകരുന്ന കുയിലെ

മാങ്കനി തിന്നാൻ വരില്ലേ?


നിൻ മധുരമാർന്നഗാനം  മീട്ടുകയില്ലേ?



–

# നിറക്കൂട്ട്

ജ്യോതിഷ് ശങ്കർ






# ഒരു ആന്ഡമാൻ യാത്ര



**ഷെറീഫ്.പി**
*Workshop Foreman*

20 വർഷങ്ങൾക്കു മുൻപ് സുഹൃത്ത് സജീവ് സർ(ഇപ്പോൾ പെരിന്തൽമണ്ണ പോളിയിൽ സിവിൽ engg.lecturer) ആണ് അന്ഡമാനിലേക്കു ക്ഷണിക്കുന്നത്.അയാളുടെ അനിയൻ സായികുമാർ പോർട്ട്ബ്ലെയർ ഓൾ ഇന്ത്യ റേഡിയോയിൽ ജോലിയിലാണ്.അതൊരു ആഗസ്റ്റ് മസത്തിലായിരുന്നു.ഓണം അവധിയ്ക്കാലത്ത്.

അന്ഡമാനിലേക്കു 2 വിധത്തിൽ എത്തിപ്പെടാം. ഒന്നുകിൽ ചെന്നൈ നിന്നു വിമാനത്തിൽ.അല്ലെങ്കിൽ അവിടെനിന്നു തന്നെ കപ്പൽ മാർഗവും. രണ്ടാമത്തെ യാത്രയാണ് തെരഞ്ഞെടുത്തത്. കാരണം അതുവരെ വിമാന യാത്രയും കപ്പൽ യാത്രയും ചെയ്യാത്ത എനിക്ക് വിമാന യാത്രക്ക് ഇനിയും ഒരുപാട് അവസരങ്ങൾ ഉണ്ടെന്ന തോന്നൽ. മറിച്ച് കപ്പൽ യാത്രക്കുള്ള അവസരങ്ങൾ തീരെ കുറയുകയാണല്ലോ. അങ്ങിനെ സിവിൽ ഡിപാർട്മെന്റിലെ ഞാനും, മുഹമ്മദ് സാറും സജീവ് സാറും ഒരു ചൊവ്വാഴ്ച ചെന്നൈയിലേക്ക് വണ്ടികയറി. ബുധനാഴ്ച രാവിലെ ചെന്നൈ സെൻട്രലിൽ മുറിയെടുത്ത് കപ്പൽ ടിക്കറ്റ് എടുക്കാനുള്ള ശ്രമം തുടങ്ങി. വെള്ളിയാഴ്ചയാണ് കപ്പൽ പുറപ്പെടുക. ബുധൻ, വ്യാഴം ദിവസങ്ങളിലാണ് ടിക്കറ്റ് ബുക്കിംഗ്. 10 മണിയോടെ ചെന്നൈയിലെ തുറമുഖ പട്ടണമായ പാരീസ് ഷിപ്യാർഡിൽ എത്തി ടിക്കറ്റ് തരപ്പെടുത്തി. മൂന്നാം ക്ലാസ് ട്രെയിൻ

കോംപാർട്മെന്റ് പോലത്തെ ടിക്കറ്റ് ആണ് എടുത്തത്. പല വിധ സിംഗിൾ റൂം,ഡബിൾ റൂം എല്ലാം ലഭ്യമാണ്. അങ്ങിനെ ഉച്ചയോടെ അവിടെ നിന്നും പോന്നു. പിന്നെ വ്യാഴാഴ്ച്ച വിവിധ സ്ഥലങ്ങൾ കണ്ടു. വെള്ളിയാഴ്ച്ച പള്ളി പ്രാർത്ഥനക്ക് ഷിപ്യാർദിനടുത്തുള്ള പള്ളി തന്നെ തെരഞ്ഞെടുത്തു. ഉച്ച ഭക്ഷണവും കഴിഞ്ഞു ഷിപ്യാർഡിൽ എത്തി. ടിക്കറ്റ് കാണിച്ചപ്പോൾ ഒരു ബെർത്ത് നമ്പർ കിട്ടാൻ കുറച്ചു നടക്കണമെന്നും പറഞ്ഞു.പക്ഷെ ആ നടത്തം ഒന്നര മണിക്കൂർ ഉണ്ടായിരുന്നു. അവിടെ കപ്പലിന്റെ അടുത്തെത്തി. ഒരു മെഡിക്കൽ ചെക്കപ്പും,സെക്യൂരിറ്റി ചെക്കപ്പും കഴിഞ്ഞു 4 മണിയോടെ കപ്പൽ കയറി. ലഗ്ഗേജ് എല്ലാം ജീവനക്കാരുടെ സഹായത്തോടെ സീറ്റിൽ വെച്ചു. കാഴ്ചകൾ കാണാനായി ഡെക്കിൽ വന്നു നില്പായി.നല്ല വെയിൽ ആയിരുന്നു. ഒന്നര മണിക്കൂർ വെയിൽ കൊണ്ടുള്ള നടത്തവും.

5.30 ഓടെ കപ്പൽ ഇളകാൻ തുടങ്ങി. മുന്നിൽ ഒരു ടഗ്ഗ് വലിക്കുകയും മറ്റൊരു ടഗ്ഗ് പിന്നിൽ നിന്ന് തള്ളുകയും ചെയ്യുന്നു.7 മണിയോടെ പുറം കടലിലെത്തി. ടഗ്ഗുകൾ അവരുടെ ജോലി തീർത്തു മടങ്ങി. ഒരു അര മണിക്കൂർ അവിടെ നിന്ന ശേഷം ഒരു മൂഴക്കത്തോടെ യാത്ര തുടങ്ങി. ഒരു കോമ്പസ് ഉണ്ടായിരുന്നു. നേരെ കിഴക്കോട്ടു ലക്ഷ്യം വെച്ചാണ് തുടക്കം.ഇപ്പോൾ ഡെക്കിൽ നിന്നു ചെന്നൈ തുറമുഖം കാണാം. വിവിധ രാഷ്ട്രങ്ങളുടെ പതാക പറത്തുന്ന ഒരു പാട് കപ്പലുകൾ തുറമുഖത്തും പുറം കടലിലും ഉണ്ടായിരുന്നു. അതിനിടെ ക്യാപ്റ്റന്റെ വിവിധ അറിയിപ്പുകൾ വരുന്നുണ്ട്. കൂട്ടത്തിൽ രാത്രി ഭക്ഷണത്തിന്റെയും. നേരെ ഡൈനിങ്ങ് ഹാളിലേക്ക്. ഹാൾ നിറയെ പട്ടാളക്കാർ. അന്ധമാനിലേക്കു ഡ്യൂട്ടിക്ക് പോകുകയാണ്. അന്ധമാൻ ആർമി പ്രാധാന്യമുള്ള അതി ജാഗ്രതയുള്ള സ്ഥലമാണത്രേ. നമ്മുടെ. കിഴക്കേ അറ്റത്തുള്ള ദ്വീപ് ആണല്ലോ. ഡിന്നർ ഒരു തമിഴൻ റവ,ഒരുവിധം അകത്താക്കി, വീണ്ടും ഡെക്കിൽ. ഡെക്കിലും അപ്പോൾ പട്ടാളക്കാർ നിരന്നിരുന്നു. ചെറിയ തോതിൽ അവർ അവരുടെ സ്വാധീനം മറ്റുള്ളവർക്ക് ആലോസരമുണ്ടാക്കുന്നുണ്ട്. 11 മണിയോടെ ചെന്നൈ പോർട്ടിൽ നിന്നുള്ള എല്ലാ വിളക്കുകളും കാണാതായി. വീണ്ടും ക്യാപ്റ്റന്റെ അറിയിപ്പുകൾ. പിന്നിട്ട ദൂരം,വേഗത,..അങ്ങിനെ.

ഒരു 12 മണിയോടെ ഉറങ്ങാൻ പോയി. അടുത്തുള്ള ബെഡിൽ എല്ലാം തന്നെ തമിഴന്മാർ. അപ്പോഴേക്കും പലർക്കും കടൽ ചൊരുക്ക് എന്നറിയപ്പെടുന്ന ഛർദി തുടങ്ങിയിരുന്നു. പലരും കപ്പലിലെ ക്ലിനിക്കിൽ പോയി മെഡിസിൻ കഴിക്കുന്നുണ്ട്.

പിറ്റേന്ന് രാവിലെ–ശനി–പുലർച്ചെ വീണ്ടും ഡെക്കിലേക്ക പോകാൻ എഴുന്നേറ്റു. വെറുതെ വൃത്താകൃതിയിലുള്ള ജനലിലൂടെ ഒന്നു പുറത്തേക്കു നോക്കിയപ്പോൾ മനസ്സിലായത് ഞങ്ങളുടെ വാസം ജലനിരപ്പിൽ നിന്നും താഴെയാണെന്നു. അത് മനസ്സൊന്നു പിടപ്പിച്ചു. പക്ഷെ എന്ത് ചെയ്യാൻ. ഏതായാലും വീണ്ടും ഡെക്കിൽ എത്തി. 6 മണിയായിക്കാണും. ഒന്നും കാണാനില്ല.നീല കടൽ മാത്രം. അങ്ങു ദൂരെ മറ്റൊരു ദിശയിൽ ഒരു കപ്പൽ പോകുന്നുണ്ട്. സ്രാവ് പോലുള്ള ചിലവ ജലപ്പരപ്പിന് മുകളിൽ കളിക്കുന്നു. മത്തി പോലുള്ള ചിലത് ഇടക്കിടെ വെള്ളത്തിൽ മുങ്ങി മുകളിലൂടെ പറക്കുന്നു. അതിലൊന്ന് ഡെക്കിൽ വീണു. മത്തി പോലെ പക്ഷെ ചിറകിന്റെ നീളം മത്തിയേക്കാൾ കൂടുതൽ. അതിനെ കടലിലേക്ക് തന്നെ തള്ളി.അതിനിടെ പ്രഭാത ഭക്ഷണമെല്ലാം കഴിഞ്ഞിരുന്നു.എല്ലാം തമിഴ് രീതിയിൽ.ഇപ്പോൾ 11 മണിയായി. നല്ല വെയിൽ.സീറ്റിൽ പോയി കിടന്നു.ഭക്ഷണമെല്ലാം കഴിഞ്ഞു.ഒന്നു മയങ്ങി. 4 മണിയോടെ വീണ്ടും കാഴ്ചകൾ കാണാൻ ഡെക്കിൽ.ആളുകൾ ഒരുപാടുണ്ട്.സമയം കളയാൻ ചീട്ട് കളിക്കുന്നവരും, മദ്യപിക്കുന്നവരും മറ്റു വിനോദങ്ങളിൽ ഏർപ്പെട്ടവരും ഉണ്ട്. സജീവ് സർ 1 പുസ്തകം വായിച്ചു തീർത്തു. ഒരുപാട് വായിക്കുന്ന കൂട്ടത്തിലാണ്. ഞാനാണെങ്കിൽ നേരെ മറിച്ചും.

യാത്രയുടെ വിരസത തുടങ്ങിയിരിക്കുന്നു.ഇനി 2 രാത്രി, ഒരു പകൽ കൂടി ഇരിക്കണം. ആകെ മടുത്തു. പക്ഷെ എന്ത് ചെയ്യാൻ. 5 മണിയായിക്കാണും ഒരു കുരുവി കപ്പലിനെ വട്ടമിട്ട് പറക്കുന്നു. മനസ്സിലായി,അവൻ കപ്പൽ വാസി തന്നെ. ഇപ്പോൾ ഡെക്കിൽ ഒരു കോഫി ഷോപ് ഒക്കെ ഉണ്ട്,ലഘു കടികളും. ഒരു ചായയും ഒരു കടിയും എല്ലാം അകത്താക്കി. 8 മണിയോടെ ഡിന്നർ. ഉറക്കം. പിറ്റേന്ന് തലേ ദിവസം പോലെ സമയം തള്ളി നീക്കി. തിങ്കളായച്ച പുലർച്ചെ 2 മണിയായിക്കാണും. കപ്പൽ നീങ്ങുന്നില്ല. നിൽക്കുകയാണ്. എന്തു പറ്റി.അറിയിപ്പൊന്നും കേട്ടില്ല. ഏതായാലും ഡെക്കിൽ എത്തി. അങ്ങു ദൂരെ ഒരു ചുവന്ന ലൈറ് കാണുന്നു. ദിശ ഇപ്പോഴും കിഴക്കോട്ടുതന്നെ.5 മണിയോടെ നേരം വെളുത്തു. കിഴക്കു ഭാഗ മായത് കൊണ്ട് രാവിലെ വേഗത്തിൽ ആകുമല്ലോ. 2 ടഗ്ഗുകൾ നേരെ വരുന്നുണ്ട്.സമാധാനമായി.പോര്ട്ബ്ലെയ്ർ എത്തിയിട്ടുണ്ട് എന്ന അറിയിപ്പ് വന്നു. 7 മണിയോടെ നിലം തൊട്ടു.

സജീവ് സാറിന്റെ വലിയമ്മയും മകളും അനിയൻ സായ് കുമാറും എത്തിയിട്ടുണ്ട്.നേരെ പ്രഭാത ഭക്ഷണം അവിടെ തയാറായിരുന്നു.10

മണിയോടെ പോര്ട്ബ്ലെയര് ടൗണിലൂടെ കറങ്ങാൻ തുടങ്ങി. അവിടുത്തെ കാലാവസ്ഥ പെട്ടെന്നാണ് മാറുകയത്രെ. പെട്ടെന്ന് മഴ പെയ്യും. മഴക്കാറൊന്നും കാണില്ല. ചുറ്റ ഭാഗവും കടൽ. ധാരാളം ഫ്രഷ്മീനുകൾ കിട്ടാനുണ്ട്. അപ്പോഴാണ് ബസ്സിൽ എഴുതിയ സ്ഥലപ്പേരുകൾ ഞാൻ കാണുന്നത്. വീണ്ടും മലപ്പുറത്തു എത്തിയപോലെ. കാരണം പിന്നീടാണ് അറിഞ്ഞത്.1921 ലെ മലബാർ കലാപത്തിൽ പങ്കെടുത്തവരെ അന്ന് ബ്രിട്ടീഷ് പട്ടാളം നടുകടത്തിയിരുന്നത് അന്ഡമാനിലേക്കായിരുന്നു.അങ്ങിനെ അവരവർ അവരുടെ നാടിന്റെ പേരിട്ടതാണത്രേ. പാവങ്ങൾ.വർഷങ്ങളോളം സെല്ലുലാർ ജയിലിൽ കിടന്നു, പിന്നീട് നാട്ടിൽ പോകാൻ സാധിക്കാത്ത കുറെ മനുഷ്യർ.

500 റിലധികം ദ്വീപുകൾ കൂടിയതാണ് അന്ഡമാൻ നിക്കോബാർ ദ്വീപുകൾ. ഇതിൽ 100 ൽ താഴെ മാത്രമാണ്ജന വാസമുള്ളത്.ബാക്കിയെല്ലാം കൊടും വനങ്ങൾ.ജർവകൾ എന്ന ആദിവാസി ഗോത്രക്കാർ ഇവിടെയുണ്ട്. സദാസമയവും അമ്പും വില്ലുമായി നടക്കുന്ന ഇവരുമായി അടുക്കാൻ പറ്റില്ല. തീരെ വസ്ത്രം ധരിക്കാത്ത ഇവർ ആഫ്രിക്കക്കാരുടെ ഛായയുള്ളവരാണ്. ഉയരം കുറഞ്ഞു കറുത്ത ചുരുളൻ മുടിയുള്ളവർ. റോഡുകളിൽ ഒരുതരം ഒച്ചുകൾ വ്യാപകമായി കാണാനുണ്ട്. ഒരു ദ്വീപിൽ നിന്നും ചാടാവുന്ന ദൂരമുള്ളവയും 12 മണിക്കൂർ ബോട്ടിൽ യാത്ര ചെയ്തു എതിപ്പെടേണ്ട ദ്വീപുകളും ഉണ്ട്.

ഇനി അടുത്ത വെള്ളിയാഴ്ചയാണ് കപ്പൽ തിരിച്ചുപോകുന്നത്.അതു വരെ ഇവിടെത്തന്നെ.ബുധനാഴ്ച മായബന്ഡർ എന്നസ്ഥലം പോകാൻ തീരുമാനിച്ചു. പുലർച്ചെ 5 മണിക്കാണ് ബസ്. ഏതായാലും കൃത്യ സമയത്തു തന്നെ ബസ്സിൽ എത്തി.ചൊവ്വ പോർട്ബ്ലെയറിലെ വിവിധ പ്രദേശങ്ങൾ കണ്ടു.അന്ന് അവിടെ കേരളത്തിലെ കോൺഗ്രസ് നേതാവായിരുന്ന ശ്രീ വക്കം പുരുഷോത്തമൻ അവർകളാണ് ഗവർണ്ണർ.സൈനിക പ്രാധാന്യമുള്ള സ്ഥലമായത് കൊണ്ട് എപ്പോഴും ആർമി റോന്തു ചുറ്റൽ ആകാശത്തും കരയിലും കടലിലും കാണാം. മുങ്ങികപ്പൽ നേരിട്ടു കാണാൻ ഒരു അവസരം കൂടി ഒത്തു.

ബുധനാഴ്ച രാവിലെ മായബന്ഡർ യാത്ര തുടങ്ങി. വഴിയിൽ ജർവകൾ എന്ന ആദിവാസി ഗോത്ര വംശജരെ കാണാം എന്നും അവരുമായി ഇടപെടൽ പാടില്ല. വളരെ ജാഗ്രത വേണമെന്നും

സായികുമാർ പറഞ്ഞുതന്നിരുന്നു. ബസിൽ എല്ലാരും മയക്കത്തിലാണ്. പെട്ടെന്ന് ആരോ വടികൊണ്ട് ബോഡിയിൽ അടിക്കുന്ന ശബ്ദം. ബസ് നിർത്തിയിരിക്കുന്നു. പുറത്തേക്കു നോക്കിയപ്പോൾ കുറച്ചു ജറാവ കുട്ടികൾ ബസ് തടുത്തു നിർത്തി എന്തൊക്കെയോ അവരുടെ ഭാഷയിൽ പറയുന്നുണ്ട്. അവർ ചെറിയ വടികൊണ്ട് ബസ്സിൽ അടിക്കുന്നുണ്ട്. അവസാനം 8.10 പേരടങ്ങുന്ന സംഘം ബസ്സിന്റെ മുകളിൽ കയറി ഇരുപ്പായി. ബസ് വീണ്ടും യാത്ര തുടർന്നു. ഇങ്ങിനെ പല പ്രദേശത്തുനിന്നും കുറെ പേർ കയറിക്കൂടി.ഒരിക്കൽ പൂർണ ഗർഭിണിയായ ഒരു സ്ത്രീയും ഒരു പുരുഷനും തടഞ്ഞു നിർത്തി കയറിയതും ഓർക്കുന്നു. 3 ചങ്ങാടം കയറി അവസാനം 3 മണിയോടെ മായബന്ദരിൽ എത്തി. ഒരു govt.റെസ്റ്റ്ഹൗസ്സിലാണ് സായ് താമസം ഒരുക്കിയിട്ടുള്ളത്. കാണാൻ നല്ല പ്രകൃതി ഭംഗിയുള്ള സ്ഥലമാണ് മായബന്ഡർ. പിറ്റേ ദിവസം 8 മണിയോട് തിരിച്ചു പോര്ട്ബ്ലൈറിലേക്കു പോകണം. രാവിലെതന്നെ പ്രഭാത ഭക്ഷണമെല്ലാം തീർത്തു ബസ്സിൽ എത്തി. തിരിച്ചു പോകുമ്പോഴും ജാവകളെ കാണാനിടയായി. 7 മണിയോടെ പോര്ട്ബ്ലൈരിൽ എത്തി.



കൃഷിയും മൽസ്യബന്ധനവും ആണ് ആളുകളുടെ ജീവിതമാർഗം. നാളികേരവും കവുങ്ങും കൂടുതലായി കാണുന്നു. കാപ്പി കൃഷിയും ഇടക്കിടെ കാണാനിടയായി.

പിറ്റേ ദിവസം വെള്ളിയാഴ്ച 4 മണിക്ക് ഷിപ്പ് വിടും.തിരിച്ച് നിക്കോബാർ ദ്വീപ് വഴിയാണ് യാത്ര.ഒരു ദിവസം കൂടുതൽ വേണം എത്താൻ. കപ്പൽ യാത്രയെ അപ്പോഴേക്കും വെറുത്തിരുന്നു.സമയം കളയാൻ ഒരു മാർഗ്ഗവുമില്ലാത്തത് തന്നെ കാരണം.ഏതായാലും മറ്റു നിവൃത്തിയില്ലാത്ത കൊണ്ട് എല്ലാവരോടും യാത്രപറഞ്ഞു നാട്ടിലേക്ക് കുറച്ച് തെങ്ങിൻ തൈകളും വാങ്ങി കപ്പലിൽ കയറി. പിറ്റേ ദിവസം രാവിലെ നിക്കോബാർ ദ്വീപിൽ എത്തി.അവിടെ പോർട് ഇല്ലാത്തതുകൊണ്ട് പുറം കടലിലാണ് കപ്പൽ നിർത്തിയത്. 2,3 ചെറിയ ബോട്ടിൽ കയറി ആളുകൾ പോകുകയും കയറുകയും ചെയ്യുന്നു. 10 മണിയോടെ ചെന്നൈ തീരം ലക്ഷ്യമാക്കി യാത്ര തുടർന്നു. ഇനി തിങ്കൾ രാത്രിയെ ചെന്നൈ തൊടുകയുള്ളൂ. സമയം കളയുന്നതിനെ കുറിച്ച് ആലോചിച്ചിട്ട് ഒരു പിടിയും ഇല്ല. അതിനിടെ ക്യാപ്റ്റന്റെ പലവിധ അറിയിപ്പും വരുന്നുണ്ട്. കപ്പലിന്റെ വേഗം കുറഞ്ഞത് പോലെ. എന്തോ ശബ്ദത്തിനു വ്യത്യാസവും.പിന്നീട് അറിയിപ്പ് വന്നു.എൻജിൻ കുറച്ച് പ്രശ്നങ്ങൾ ഉണ്ട് എന്നും എപ്പോൾ ചെന്നൈ എത്തുമെന്ന് പറയാൻ പറ്റില്ല എന്നും. ഭയവും ദേഷ്യവും വല്ലാതെ ബാധിച്ചിരുന്നു. 3 ദിവസം അങ്ങിനെ കഴിഞ്ഞു.മുന്നേ പറഞ്ഞ കുരുവി വൈകുന്നേരങ്ങളിൽ പാറി കളിക്കുന്നുണ്ട്. ചൊവ്വാഴ്ച പുലർച്ചെ ദൂരെ ചുവന്ന വെളിച്ചം കണ്ടു. സമാധാനമായി.ചെന്നൈ എത്തിയിരിക്കുന്നു.9 മണിയോടെ ഇറങ്ങി 1 മണിക്കൂർ നടന്നു പാരീസ് വഴി 11 മണിയോടെ റെയിൽവേ സ്റ്റേഷനിലെത്തി. 12 മണിയുടെ വെസ്റ്റ് കോസ്റ്റ് എക്സ്സ്പ്രെസ്സിൽ പാലക്കാട്. 3 മണിയോടെ വീട്ടിൽ എത്തി.അങ്ങിനെ അന്ധമാനും കണ്ട് കപ്പലും കയറി 15 ദിവസത്തെ ഇടവേളക്കു ശേഷം സ്വന്തം വീട്ടിൽ...

*******

## നുറുങ്ങു കവിതകൾ-കുഞ്ഞുണ്ണി മാഷ്

*നിരഞ്ജന*

ഇത്തിരിയേ ഉള്ളൂ ഞാൻ
എനിയ്ക്ക് പറയാനിത്തിരിയെ വിഷയവുമുള്ളൂ
അതു പറയയാനിതിരിയെ വാക്കും വേണ്ടൂ

കപടലോകത്തിലെന്നടെ കാപട്യം
സകലരും കാൺമതെൻ പരാജയം

സത്യമെ ചൊല്ലാ
ധർമ്മമേ ചെയ്യവൂ
നലതെ നൽകാവൂ
വേണ്ടതെ വാങ്ങാവൂ

വലിയൊരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു മന്ത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക

ആരു ഞാനാകണം

ആരു  ഞാനാകണമെന്നുണ്ണി ചെദിക്കിലാരാക്കിലും

നല്ലതെന്നത്തരം

ഒരു വളപ്പൊട്ടുണ്ടെൻ കൈയ്യിൽ

ഒരു മയിൽപ്പിലിയുണ്ടെന്നുള്ളിൽ

വിരസ നിമിഷങ്ങൾ

സരസമാക്കവാനിവ

ധാരാളമാന്നെനിക്കെന്നും

നല്ലവാക്കും നല്ലനോക്കും

നല്ലപോക്കും ജീവിതമയ്യാ

നന്നായി

ഗുരുത്വമില്ലാത്തവൻ


കരുത്തനായാൽ

കരുതിക്കൂട്ടിത്തനെ വരുത്തും

വിനയേറെ

## മിസൈൽമാൻ -ഇന്ത്യയുടെ അഭിമാനം

-ആൻവിൻ ബെന്നി



## വിദ്യാലയത്തിന്റെ ഓർമ്മ

ആൽബിൻ ടി ഡി

വിദ്യാലയത്തിൻ പടിവാതിക്കൽ നിന്നിടാവോ
സ്നേഹത്തിൻ പുഞ്ചിരി തൂകി എൻ
ഗുരുതൻ ഓർമ്മകൾ

എനിക്ക് മറക്കാൻ കഴിവതില്ലല്ലോ
ഇരുട്ടിലിരുന്ന എൻ മനസ്സിനെ
പ്രകാശമാനവാക്കിയതെൻ വിദ്യാലയം
എന്നെ ഉയർത്തിയ ജ്ഞാനപീഠമാണ് എൻ വിദ്യാലയം
മനസ്സിൽ മായാത്ത ഓർമ്മയായി......
എൻ സഹപാടികൾ തൻ പുഞ്ചിരികൾ
മനസ്സിൽ മായാത്ത ഓർമ്മയായി

ഒരു ചെറു പക്ഷിതൻ ചിറകടിപോൽ
എൻ ഓർമ്മകൾ വളർന്നിടവോ..
ലോകത്തിൽ ഉയരങ്ങൾ താണ്ടി

വിശാലമായൊരെൻ ലോകത്തിലേക്ക് പറന്നിടവേ
എൻ വിദ്യാലയം മനസ്സിൽ മായാത്ത ഓർമ്മയായി
നിലകൊണ്ടിടവേ.....



## തിരിഞ്ഞുനോക്കുമ്പോൾ

**ശ്രീ.വിജയൻ സർ നൽകിയ അഭിമുഖത്തിൽ നിന്ന് .......**

ശ്രീ.വിജയൻ സർ മാനന്തവാടി ടെക്കനിക്കൽ സ്കൂളിൽ 1985 ൽ എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടറായി ജോലിയിൽ പ്രവേശിക്കുകയും 2003 ൽ വിരമിക്കുന്നതു വരെയും ദീർഘകാലം സേവനം ചെയ്യുകയും ചെയതു. അദ്ദേഹം ആലപ്പുഴ ജില്ലയിലെ ചേർത്തല സ്വദ്ദേശിയാണ്.പ്രാഥമീക വിദ്യാഭ്യാസം ചേർത്തല ടെക്കനിക്കൽ സ്കൂളിൽ തന്നെയായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പരേതയായ ശ്രീമതി.ഗൗരി ടീച്ചർ 1983 മുതൽ പിരിയുന്നതു വരെയും മാനന്തവാടി ടെക്കനിക്കൽ സ്കൂളിൽ ഗണിത അധ്യാപികയായിരുന്നു.





- സർ ഏത് വർഷമാണ് ടെക്നിക്കൽ സ്കൂളിൽ ജോലിക്കെത്തിയത് ?

  ഞാൻ 1985 സെപ്റ്റംബർ മാസത്തിലാണ് മാനന്തവാടി ടെക്നിക്കൽ സ്കൂളിൽ എഞ്ചിനീയറിംഗ് ഇൻസ്ട്രക്റ്ററായി ജോലിക്കെത്തിയത്.എനിക്ക് മുമ്പും എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ

മാർ വന്നിട്ടുണ്ട്.ജോയിൻ ചെയ്യും പിന്നെ ലീവെടുത്ത് പോകും. പിന്നെ ട്രാൻസഫർ ഓർഡറുമായി വരും, പോകും.ഞാനും ലീവെടുത്തുപോയി ട്രാൻസ്ഫറിന് ശ്രമിച്ചതാണ്,പക്ഷേ ട്രാൻ സഫർ

കിട്ടാൻ ഒരു നിവൃത്തിയും ഇല്ലാതായി.അഥവാ കിട്ടിയാലും മൂന്ന് കൊല്ലം കഴിയുമ്പോൾ മാനന്തവാടിയിലോ കണ്ണൂർ,കാസർഗോഡ് തുടങ്ങിയ സ്ഥലങ്ങളിലോ പോയി ജോലി ചെയ്യേണ്ടി വരും.അതിനാൽ ഇവിടെനിന്നുതന്നെ കല്യാണം കഴിച്ച് ഇവിടെ തന്നെ സ്ഥിരതാമസമാക്കാമെന്ന് വിചാരിച്ചു.അങ്ങനെ ചേർത്തലക്കാരനായ ഞാൻ മാനന്തവാടിക്കാരനായി.

- അന്നത്തെ സ്കൂളിന്റെ സാഹചര്യം എങ്ങനെയായിരുന്നു ?

അന്ന് സ്കൂളിൽ 15 കുട്ടികളാണ് പഠിച്ചിരുന്നത്.സ്കൂൾ ഒരു പീടിക മുറിയിലും വർക്ക് ഷോപ്പ് ഒരു ഷെഡിലുമാണ് പ്രവർത്തിച്ചിരുന്നത്. സൂപ്രണ്ട്, എഞ്ചിനീയറിംഗ് ഇൻസ്ട്രക്റ്റർ, വർക്ക് ഷോപ്പ് ഫോർ മാൻ,ഒന്നാം ഗ്രേഡ് ഡീമാൻ,ട്രേഡ് ഇൻസ്ട്രക്റ്റർ എന്നീ തസ്തികകൾ പ്രമോഷൻ പോസ്റ്റ് ആയതിനാൽ ആ ഒഴിവുകൾ പലകാരണങ്ങൾ കൊണ്ടും പലപ്പോഴും ഒഴിഞ്ഞുകിടക്കുകയായിരിക്കും.അതുകൊണ്ടു തന്നെ പല വിഷയങ്ങൾക്കും ആളില്ലാതെ വിഷമിച്ചിരുന്നു. എന്നിരുന്നാലും ഉള്ള അധ്യാപകരുടെ ആത്മാർത്ഥത കൊണ്ടും കുട്ടികളുടെ മിടുക്കും കാരണം മിക്കവാറും എല്ലാ കൊല്ലങ്ങളിലും ടി എച്ച് എസ്സ് എൽ സി പരീക്ഷയിൽ 100 ശതമാനം വിജയം ലഭിച്ചിട്ടുണ്ട്.

- സർ, സ്കൂളിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് അറിയാവുന്ന കാര്യങ്ങൾ

1983 ലാണ് ശ്രീ.പി ആർ കാർത്തികേയൻ എന്ന സ്പെഷ്യൽ ഓഫീസറെ (സൂപ്രണ്ട്) വച്ചുകൊണ്ട് ജൂനിയർ ടെക്കനിക്കൽ സ്കൂൾ മാനന്തവാടിയിൽ(ഇപ്പോഴത്തെ ടെക്കനിക്കൽ സ്കൂൾ )ആരംഭിച്ചത്. പതിനഞ്ച് കുട്ടികൾക്ക് പ്രവേശനം കൊടുത്തുകൊണ്ട് ദ്വാരകയിലെ ശ്രീ.ഉറവച്ചാലിൽ വർക്കി എന്നവരുടെ പീടിക മുറികളിൽ ജെ ടി എസ്സ് ആരംഭിച്ചു. ഓലകൊണ്ട് മേഞ്ഞ് സൈഡ് മറച്ച് വർക്ക് ഷോപ്പ് ഷെഡ് ശ്രീ.ചെറിയാൻ ഉണ്ടാക്കിതന്നു. വർക്ക് ഷോപ്പിന്റെ പീരിയഡിൽ കുട്ടികൾ പണി സാധനങ്ങളുമായി വരും, വർക്ക് കഴിഞ്ഞ് ടൂൾസ് പീടിക മുറികളിൽ കൊണ്ടു വയ്ക്കും. ഷെഡിന് പി ഡബ്ല്യു ഡി നിരക്കുപ്രകാരം വാടകയും കൊടുത്തിരുന്നു.

ദ്വാരകയിലെ ശ്രീ.ആണ്ടൂരാൻ മത്തായി മാസ്ററർ, കെ എ ആന്റണി, കെ എം ദേവസ്യമാസ്റ്റർ തുടങ്ങിയ കേരളാകോൺഗ്രസ്സ് നേതാക്കളുടെ ശ്രമഫലമായിട്ടാണ് മാനന്തവാടി താലൂക്കിൽ ജെ ടി എസ്സ് അനുവദിക്കപ്പെട്ടത്. അതു കൊണ്ടാണ് ജെ ടി എസ്സ് ദ്വാരകയിൽ തന്നെ വരാനും കാരണം. ഇവിടത്തെ ദ്വാരക എസ്റ്റേറ്റ് ഉടമയായിരുന്ന ശ്രീ. സി കെ നാരായണൻ നായർ തന്റെ മക്കളായ ദേവീദാസൻ,നളിനി തുടങ്ങിയവരുടെ പേരിലുണ്ടായിരുന്ന 10 ഏക്കർ സ്ഥലം പൊന്നും വിലക്ക് എടുക്കാനും അതിൽ അഞ്ച് ഏക്കർ മുൻകൂർ കൈവശം എടുക്കാനും സർക്കാരിനെ കൊണ്ട് ഓർഡറാക്കി.




- അന്നത്തെ പാഠ്യ വിഷയങ്ങളെ കുറിച്ച് ?

  1983 ൽ സ്കൂൾ തുടങ്ങിയ സമയത്ത് തന്നെ കണക്ക് പഠിപ്പിച്ചിരുന്നത് ഗൗരി ടീച്ചറാണ്. മാനവീക വിഷയങ്ങൾ ഫ്രാൻസിസ് സർ, രസതന്ത്രം ബാലഗോപാലൻ സർ എന്നിവരുമാണ് പഠിപ്പിച്ചിരുന്നത്.
- പൂർവ്വ വിദ്യാർത്ഥികളെ കുറിച്ച് ?
- പൂർവ്വവിദ്യാർത്ഥികൾ ഇടക്കെല്ലാം സ്കൂളിൽ വന്ന് പോകാറുണ്ട്.1990 ബാച്ചിലെ കുട്ടികൾ അവരുടെ കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തി ഒരു സംഗമം കഴിഞ്ഞ വർഷം നടത്തിയിരുന്നു. പൂർവ്വ വിദ്യാർത്ഥികൾ

  പലരും വലിയ നിലയിൽ എത്തിയവരുണ്ടെന്ന് അറിയാൻ കഴിഞ്ഞു.

അഭിമുഖം തയ്യാറാക്കിയവർ:ആദിത്യ ജ്യോതി

:ആദിത്യൻ യു

സഹായം : കൈറ്റ് മാസ്റ്റർ ശ്രീ സത്യൻ സർ

:കൈറ്റ് മിസ്ട്രസ്സ് ശ്രീ ഷിബി ടീച്ചർ


സാങ്കേതിക സഹായം ശ്രീ:ഷിജിൽ സർ



## ചുരമിറങ്ങാത്ത ഓർമ്മകൾ

Askar Manimala

താമരശ്ശേരി ചുരത്തിനപ്പുറത്തെ ഈ വയൽനാടിനെ കുറിച്ച് വലിയ കണ്ടറിവൊന്നുമില്ലാതെയാണ് ആദ്യമായി ഞാൻ പുതിയ തൊഴിലിടത്തിലേക്കുള്ള യാത്ര ആരംഭിച്ചത്. പുതിയ ഏതൊരു യാത്രക്കാരനും അത്ഭുതത്തോടെ കൺകുളിർക്കേ കാണുന്ന താമരശ്ശേരി ചുരം അതിന്റെ എല്ലാ പുതുമയോടും കൂടി തന്നെ ഞാൻ ആസ്വദിച്ചു. വയനാട് ജില്ലയുടെ സ്വഗത കവാടം അങ്ങ് കഴിഞ്ഞാൽ പിന്നെ നമ്മൾ വേറെ ഏതോ ലോകത്തെത്തിയ പോലെ. ലക്കിടിയെ തലോടി വാഹനത്തിന്റെ ഉള്ളിലേക്ക് അടിക്കുന്ന തണുത്ത കാറ്റ് ഉണ്ടല്ലോ അതാണ് വയനാട്ടിലേക്ക് സ്വാഗതമരുളി വയനാടൻ പ്രകൃതി നമുക്ക് ഒരുക്കിയ സമ്മാനങ്ങളിൽ ആദ്യത്തേത് . പിന്നീടങ്ങോട്ടുള്ള യാത്രയിൽ വൈവിധ്യമാർന്ന കാഴ്ചകളിലൂടെ പേരറിയാത്ത ചെറിയ ചെറിയ അങ്ങാടികളിലൂടെ എന്റെ ജോലി സ്ഥലത്തെത്തി



ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മാനന്തവാടി, വീണ്ടും എന്നെ വിസ്മയങ്ങളുടെ ലോകത്തേക്കാണ് ആ സ്കൂൾ പരിസരം കൊണ്ടെത്തിച്ചത്. ഫേസ്ബുക്കിൽ സ്റ്റാറ്റസ് ഇടാൻ വേണ്ടി ഒരു സെൽഫി എടുത്തു. എനിക്ക് പിന്നീടൊന്നും അത്ര ഭംഗി ആ പരിസരത്തിന് തോന്നിയിട്ടില്ല. എന്നെ അത്രക്ക് ആകർഷിക്കുന്ന ഒന്നായിരുന്നു ആ ഭ്രൂ പ്രകൃതി. നിറയെ പച്ചപ്പിനിടയിൽ ചെറിയ ചെറിയ ബിൽഡിംഗുകളോടെയുള്ള ഒരു പഴയ സ്കൂൾ. ( ഇന്ന് പുതിയ ബിൽഡിംഗും ഹൈടെക് ക്ലാസ് മുറികളുമായി രൂപം ആകെ മാറിയിട്ടുണ്ട് ). ഓഫീസിലെത്തിയതിന് ശേഷം ഇത് വരെ വയനാട്ടിലെ ജനങ്ങളെ കുറിച്ച് ഒരു ധാരണയുമില്ലാത്ത എന്നെ സ്വീകരിച്ചത് സ്കൂൾ സൂപ്രണ്ട് ശ്രീ. ദിലീപ് സാറിന്റെ നിറഞ്ഞ ചിരിയോടെയുള്ള കുശലാന്വേഷണമാണ്.

പിന്നീട് എന്റെ ഒരു വർഷത്തെ വയനാടൻ ജീവിതത്തിന്റെ തുടക്കമായിരുന്നു. വയനാട്ടിലെ ജനങ്ങൾ ഏറെ വിസ്മയം തീർത്തു. എന്തിനും ഏതിനും എന്ത് സഹായം ചെയ്യാനും എപ്പോഴും തയ്യാറുള്ള കുറെ നല്ല മനുഷ്യർ. മുൻഗാമികൾ പല നാടുകളിൽ നിന്നും വന്നവരാണെങ്കിലും എല്ലാ വൈവിധ്യങ്ങൾക്കുമപ്പുറം മനുഷ്യത്തമെന്ന ഒറ്റ പട്ട ചരടിൽ കോർത്തിണക്കിയ ജീവിതങ്ങൾ. വയനാടിനെ തൊട്ടറിയാൻ എന്നെ ഒരു പാട് സഹായിച്ച ഈ നാട്ടുകാരായ സഹപ്രവർത്തകരുണ്ട്. അവരുടെയെല്ലാം പേര് എഴുതിച്ചേർക്കലിൽ ഒതുക്കി നന്ദികേട് കാണിക്കുന്നില്ല.

കഴിയുന്നത്ര യാത്രകളിലൂടെ പ്രകൃതി ആസ്വദിക്കുന്നതിന് വേണ്ടി പിന്നീടങ്ങോട്ടുള്ള യാത്രകൾ ബൈക്കിൽ ആയിരുന്നു. വന്യമൃഗ ശല്യമുണ്ടാകുമെന്ന ഭയത്തിൽ തന്നെ തോൽപ്പെട്ടിയും അവിടന്ന് കുട്ടയും ഒക്കെ ഒരു പാട് തവണ പോയി. തെറ്റ് റോഡ് പ്രശസ്ഥമായ ഉണ്ണിയപ്പ കടയിൽ നിന്നും കഴിച്ച ഉണ്ണിയപ്പത്തിന്റെയും ഇഡലി സാമ്പാറിന്റെയുമൊക്കെ രുചി ഇന്നും ഓർമ്മയിൽ തന്നെയുണ്ട്. തെറ്റ് റോഡിൽ നിന്നും തിരുനെല്ലിയിലേക്കുള്ള യാത്ര പ്രകൃതി ഭംഗി ആസ്വദിച്ച് കൊണ്ട് വയനാട്ടിൽ നടത്താവുന്ന യാത്രകളിൽ ഒന്ന് തന്നെയാണ്.

കുറുമ്പാല കോട്ടയെ കുറിച്ച് കുറച്ചായി കേൾക്കാൻ തുടങ്ങിയിട്ട് ഒറ്റ രാത്രി കൊണ്ട് കോർട്ടേഴ്സ് നിവാസികളുടെ പ്ലാനിംഗ് . പുലർച്ചെ മല കയറി. മഞ്ഞ് പുതച്ച് കിടക്കുന്ന വയനാടൻ ഗ്രാമങ്ങൾ ഒന്ന് കാണേണ്ടത് തന്നെയായിരുന്നു.



വയനാട്ടിലെ കാഴ്ചകളുടെ വിസ്മയങ്ങളിലൂടെയുള്ള യാത്ര തുടർന്ന് കൊണ്ടേയിരുന്നു. വള്ളിയൂർക്കാവ് ഉത്സവ രാവുകൾ ഞങ്ങളുടേത് കൂടിയായി. കുറുവ ദ്വീപും ചെമ്പ്ര പീക്കും ബാണാസുര സാഗറും പൂക്കോട് തടാകവും ഒക്കെ ചുറ്റിക്കറങ്ങി. ഇനിയും ഒരുപാട് നിറമുള്ള കാഴ്ചകൾ ബാക്കി വെച്ചാണ് ചുരമിറങ്ങുന്നത്. ഓർമ്മകൾ ഇപ്പോഴും ചുരമിറങ്ങിയിട്ടില്ല. ഓർമ്മകൾ പുതുക്കാൻ ഇനിയും വരാം എന്ന പ്രതീക്ഷയോടെ ....

## ഗ്രീൻ ഹൗസ് ടെക്കനോളജി

*Sreenivasan*
Workshop instructor

ഇന്ത്യാ ഗവൺമെന്റിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടതാണ് നാഷണൽ വൊക്കേഷൻ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NVEQF). ഇത് രൂപീകരിക്കപ്പെട്ടത് 2013 ഡിസംബർ 27 നാണ്.ഈപരിപാടിയിലൂടെ തൊഴിൽ പരിശീലനം നൽകുകയും ഗവൺമെന്റിന്റെ പ്രതീക്ഷയനുസരിച്ച് 2022 ആകുമ്പോഴേക്കും 500 മില്യൺ തൊഴിൽ പരിശീലനം നൽകുകയും ഗവൺമെന്റിന്റെ പ്രതീക്ഷയനുസരിച്ച് 2022 ആകുമ്പേഴേക്കും 500 മില്യൺ തൊഴിൽ പരിശീലനം നേടിയവരെ സൃഷ്ടിച്ചെടുക്കാനും കഴിയും എന്നതാണ്.കാർഷികമേഖല, വ്യവസായം എന്നിവയിലേക്ക് ഇത്തരക്കാരെ ഉപയോഗപ്പെടുത്താൻ കഴിയും എന്നതാണ്.

ഈ കാര്യങ്ങൾ മേൽ നോട്ടം വഹിക്കുന്നത് ഗവ.ന് കീഴിലുള്ള(National skill qualification frame work) എന്നതിന്റെ കീഴിലാണ്.ഇതിന്റെ ഭാഗമായാണ് ഗവ.ടെക്നിക്കൽ ഹൈസ്ക്കുളിൽ ലെവൽ ഒന്ന് ,ലെവൽ രണ്ട് എന്നീ സർട്ടിഫിക്കറ്റുകൾ ലഭിക്കുംവിധം NSQF നടപ്പാക്കിയത്.

NSQF ന്റെ ഭാഗമായി നമ്മുടെ സ്ക്കുളിൽ ഗ്രീൻ ഹൗസ് ടെക്കനോളജി എന്നബ്രാഞ്ച് തുടങ്ങിയിട്ടുണ്ട്.ഒൻപതാംതരത്തിലെ ഇരുപത് കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് പഠനം തുടരുന്നു.പത്താം തരം പൂർത്തിയാകുന്നതോടെ ലെവൽ ഒന്ന് ,ലെവൽ രണ്ട് എന്നീ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നു.കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായ ഒരു

പഠനരീതിയാണിത്.ഗ്രീൻ ഹൗസ് ടെക്കനോളജിയെ കുറിച്ച് പഠിക്കുന്നതിനായി എഞ്ചിനീയറിംഗ് ഡ്രോയിംഗ് ,ഫിസിക്സ് പ്രാഥമീക എഞ്ചിനീയറിംഗ് മനസ്സിലാക്കുന്നതിന് കാർപ്പെന്ററി, ഫിറ്റിംഗ്,വെൽഡിംഗ് തുടങ്ങിയവ പഠിപ്പിക്കുന്നു.



ചെടികൾ വളരുന്നിന് ആവശ്യമായ അന്തരീക്ഷം ഉണ്ടാക്കുക എന്നതാണ് ഗ്രീൻ ഹൗസ് കൊണ്ട് ഉദ്ദേശിക്കുന്നത്.പുസ്തകത്തിനുപരിയായി പ്രായോഗികമായി ചെയ്താണ് കുട്ടികൾ ഇത് പഠിക്കുന്നത്. ഗ്രീൻ ഹൗസ് ടെക്കനോളജി പഠിക്കുന്ന കുട്ടികൾ സ്ക്കൂൾ പച്ചക്കറി തോട്ട നിർമ്മാണത്തിൽ പങ്കാളികളാകുന്നു. തൊഴിൽ നൈപുണ്യം നേടുന്നതിനും ജോലി കരസ്ഥമാക്കുന്നതിനും പ്രയോജനകരമായ ഒരു പഠനരീതിയാണിത്.

******



**SAVE WATER**

# A SHORT STORY

**ABHIJITH.M.S**
class 10

*A man went to a flower shop to order some flowers to be sent to a distant place. Order of flowers was, to be sent to his mother, who lived three hundred miles away. As man got out of shop and went to his car, he noticed a young girl sitting alone in a footpath; crying. He went upto the girl and asked, "are you allright?"she replied,"I want to buy some rose for my mother but I have only one dollar and a single rose cost 2 dollars. Man smiled towards that girl and said,"come with me. I will buy that rose for you." He took that girl into that flower shop and asked the girl to order rose for her mother. As the girl was leaving the shop with rose, man offered the girl to give her a lift upto her house. She accepted and said,"yes please........ take me to my mother". She directed him towards graveyard where she placed that rose on a freshly dug grave.*

*At the moment, the man realized something and went back to the flower shop and cancelled the order he placed before and then picked up a bouquet and drove three hundred miles to his mother's house.*

*MORAL: Life is too short. We should spend our time with our loved one. We must love our parents and give our time to them as there is nothing more important than our family ................!!!!*

# CHARLIE CHAPLIN

*Charlie Chaplin was an English comic actor, film maker and composer who rose to fame in a period of era of silent film (a silent film has no record sound or speaker dialog). Chaplin is considered one of most important figures in the history of the industry.*

*His career spanned more than 75 years. Chaplin was a perfectionist. He wrote directed, produced, edited starred in and composed the music for his film. He died on 25 December 1977.*

# WILLIAM BLAKE

*William Blake was an English poet and artist who lived in the $19^{th}$ century. He was born in London on 28 November 1757. Blake belongs to the romantic poet in English literature. He is considered as a highly original and significant poets in English literature and a visionary artist. His notable works include 'songs of the marriage of heaven and hell', 'Jerusalem' etc. He died in 1827*

*ANVIN BENNY CLASS X*

# IN THE WONDER LAND ….

In the Technical High School, I do not remember days but, I remember movements when I entered the portals of this wonderland.

This expansive campus offers the right learning ambiance for a child to blossom. There is something for every one at technical school.

The credit for the smooth sail of the school rests on one charismatic personal performance of the superintendent of our school Dileep sir.

he guides the institution round the clock to provide quality education through the tender care of our teachers, that make the learning joy full. they are with as at every step of the learning process.

LASTLY BUT NOT LEAST I TAKE MY HEARTS OF THE SUPPORTING STAFF THE UNSUNG HEROES OF THE SCHOOL…………

Abiel P.S.

# Journey

Life is a travel
I am traveling through the world;
Time is passing,
But I am traveling,
To see and to know.
The journey is so humble,
I want to spent more time,
To overcome the difficulties
But, I travel to the end of the life

Alen joseph

# LIFE…..

*Life is like a wide long river*
*flowing effortlessly and smoothly*
*amidst obstacles on its way;*
*on and on it goes swiftly.*
*Life is meant to be enjoyed,*
*accept the pain it brings,*
*celebrate the joy it showers,*
*for it comes just now.*
*So make the most of it today*
*we know not, what tomorrow brings*
*our actions are the stepping stones;*
*It's 'our' life, that make it total and complete*

ABIEL P S

# True love between a dog and his master

Once there was a dog called jimmy. It loved his master a lot and the master also loved it so dearly. Every day the dog would accompany him to the railway station. And it would wait till the master comes back. The process repeated every day. One day as usual the dog accompanied the master and waited there in the railway station. But the master did not come back. The dog waited there hoping his master would be back. But the master did not come. When he was hungry, he went to the nearest hotel and they gave him food and then came back to railway station and waited. Time Passed...... One day, two days, three days, four days.......... 13 years. But the master did not come. The dog waited there in vain. At last the dog left from this living world, waiting for his master. It did not know that his master died or something else happened. This is a short story to show the loyalty of dogs to their masters.

## വർണ്ണവിസ്മയം-



*-Alimilsaf*

# Systemic Approach to technical education



*by S. Kumar*
*(SITC)*

Technical Schools are by far unique in their approach to provide quality hands-on experience at a very tender age to bring the talents of every students to the highest level. Over the years, we have set a mark of our own in maintaining the stipulated standard. Technology is highly sought after all around the world.

"Old Habits die hard", is a famous proverb which underlies the need for skills to be practiced early on. Quality of an education can be attributed from the nature of students being churned out every year.

The subjects offered at Technical Schools include some of the general subjects apart from technical subjects including workshop practicals. Students get extensive training in any one of the subjects they choose such as electronics, electrical, fitting, automobile etc. to name of few which is different from schools to schools. Engineering drawing is another subject which require proper moulding under able supervision. Learners get an indepth

knowledge on preliminary drawings including machine drawings to cater the need of higher education.

Since multidisciplinary subjects are handled, learners who maintain a comparatively better performance can excel in any of the fields they are into, once they complete their education.

Logical thinking is a character that must be developed early on. Another feature of this curriculum is to develop a logical skill within the students. The highlight is that they develop this logical skill on their own; that too unknowingly! According to Dr.APJ Abdul Kalam, "When learning is purposeful, creativity blossoms, when creativity blossoms, thinking emanates, when thinking emanates, knowledge is fully lit, when knowledge is fully lit, economy flourishes". The logical skill can propel them without a lag, whilst they encounter challenges in their life and can augment them in succeeding in life independently.

To sum up, various countries across the world, require quality technicians and technical managers to cater the need for various *projects*. Careful moulding and mentoring only can bring about right frame of mind within individuals to tackle the problems that they face and can eventually become a contributing member of the society. Technical schools are a panacea for this.

I wish all success to this maiden venture by Technical School Mananthavady. Thank You

# The Amazon Rain Forest

Reena v J

The amazon rain forest covering much of north Brazil and extending into Colombia, Peru and other South American countries is the worlds largest tropical rain forest famed for biodiversity. More than 80% worlds food has its origin in the Amazon rain forests. It is also referred to as the lungs of the planet. Because it produces more than 20% of worlds oxygen. There are approximately millions species of animals, plants and insects known to man and more than half of them call the rain forests their home. It is called "Rain Forest because of the high amount of rain fall it gets per year".


Forest fires do happen in the Amazon during the dry season between July and October. They can be caused by naturally occurring events. Lightning strikes. But this year most are thought to have been started by farmers and loggers clearing land for crops or grazing.

The Amazon, the worlds most biodiversed rain forest was burning at a rate not seen in almost a decade. It was described as a global tragedy. Lit by the farmers the fires raged through villages destroyed ecosystem and pumped climate warming pollution into the atmosphere. According to the satellite data the Amazon is still ablaze and it is unclear how long it will take to get the situation under the control.

## നന്ദി...

കൊച്ചുഭാവനകൾക്ക് ചിറകുവിരിച്ച്  പറക്കുവാൻ
ഒരു അനന്തവിഹായസ് തുറന്നു കൊടുക്കുവാൻ
ഡിജിറ്റൽ മാഗസിൻ എന്ന സംരംഭത്തിന്
സാധ്യമാകട്ടെ
എന്നാശംസിക്കുന്നു.

ഈ കന്നിസംരംഭത്തിന്റെ
അമരക്കാരിലൊരാളാവാൻ സാധിച്ചതിൽ
തികഞ്ഞ ചാരിതാർഥ്യമുണ്ട്.
ഇതിന് സഹായിച്ചവർ ഒട്ടനവധിയാണ്.
എല്ലാവർക്കും ഒറ്റവാക്കിൽ നന്ദി....................





**ഷിബി മാത്യു**
**ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്**